**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 475** **12-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണത്തെ പൊതുപട്ടികയിലേക്ക് മാറ്റാനുള്ള കേന്ദ്ര നീക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണം സംസ്ഥാന വിഷയമാണെന്ന സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ സഹകരണത്തെ പൊതു പട്ടികയിലേക്ക് മാറ്റാൻ കേന്ദ്ര സർക്കാർ നീക്കം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ സഹകരണ മേഖല കേവലം പണമിടപാട് സ്ഥാപനം എന്നതിലുപരി സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിലേക്ക് നയിക്കുന്നതിന് ഉതകുന്ന തരത്തിൽ സമഗ്ര മേഖലയിലും വ്യാപിച്ചു കിടക്കുന്ന ഒരു പ്രസ്ഥാനമാണ്. ഭരണഘടനയിൽ വരുത്തിയ 97-ാം ഭേദഗതി, ആദായനികുതി നിയമത്തിൽ പുതുതായി ഉൾപ്പെടുത്തിയ 194N എന്ന വ്യവസ്ഥ, ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ എന്നിവ സഹകരണ മേഖലയുടെ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നു. ഭരണഘടനയുടെ ഏഴാം പട്ടികയിൽ ലിസ്റ്റ് Iൽ എൻട്രി നമ്പർ 43 ൽ ബാങ്കിംഗ് ഒരു യൂണിയൻ വിഷയമാണ്. അതുപോലെ ഏഴാം പട്ടികയിൽ ലിസ്റ്റ് II ൽ എൻട്രി നമ്പർ 32 പ്രകാരം സഹകരണം സംസ്ഥാന വിഷയമാണ്. സംസ്ഥാന സഹകരണ ബാങ്കുകളും അർബൻ സഹകരണ ബാങ്കുകളും, ബാങ്കിംഗ് ബിസിനസ് നടത്തുന്നതിനാൽ, ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സംഘങ്ങളാണ്. ബാങ്കിംഗ് റഗുലേഷൻ ആക്റ്റിൽ കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ വരുത്തുന്ന ഭേദഗതി നിർദ്ദേശങ്ങൾ സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്. (i) ബാങ്കിംഗ് ഭേദഗതി നിയമത്തിൽ വരുത്തിയ ഭേദഗതി നിർദ്ദേശങ്ങൾ കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾക്ക് ബാധകമല്ല. പ്രസ്തുത സ്ഥാപനങ്ങൾ 'Bank, Banking' എന്നീ പദങ്ങൾ സംഘങ്ങളുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയ ഭേദഗതിമൂലം ഇപ്പോൾ ബാങ്ക് നടത്തി വരുന്ന ചെക്ക് പോലുള്ള സൗകര്യങ്ങൾ നൽകാനാവില്ല. ടി ഭേദഗതി പ്രാഥമിക സംഘങ്ങളെ |

(ബാങ്ക് എന്ന പേരിൽ) Banking പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നു. തന്മൂലം Bank എന്ന പേരിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ മതിപ്പ് ഇല്ലാതാക്കാനും ആയത് വഴി നിക്ഷേപത്തിൽ കുറവു വരുന്നതിനും കാരണമാകും. പുതിയ ഭേദഗതിയിലൂടെ സെക്ഷൻ 10 ലെ വ്യവസ്ഥകൾ സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. ഈ നിയമത്തിലെ വ്യവസ്ഥ പ്രകാരം, സഹകരണ ബാങ്കിന്റെ ചെയർമാന് മറ്റൊരു ബാങ്കിൽ ചെയർമാനോ അംഗമോ ആകാൻ കഴിയില്ല. 10(B) യിലെ വ്യവസ്ഥകൾ ചെയർമാന്റെ യോഗ്യത നിശ്ചയിക്കുന്നതാണ്. ചെയർമാനെ നിയമിക്കുന്നതിനും, നീക്കം ചെയ്യുന്നതിനും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. സെക്ഷൻ 12 ൽ വരുത്തിയ ഭേദഗതി മൂലം ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും, വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ RBI യ്ക്ക് അധികാരമുണ്ട്. നിയമ ഭേദഗതിയിലൂടെ 36AAA എന്ന പുതിയ ഭേദഗതി ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണ സമിതിക്കെതിരെ നടപടിയെടുക്കാൻ RBI യ്ക്ക് അധികാരമുണ്ട്. ടി നിയമ ഭേദഗതിയിലൂടെ ബാങ്കുകളുടെ ഭരണ സമിതിയെ നീക്കം ചെയ്യാൻ RBI യ്ക്ക് അധികാരം നൽകുന്നുണ്ട്. ആക്ടിന്റെ 56-ാം വകുപ്പിൽ വരുത്തിയ ഭേദഗതിയിലൂടെ, സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ RBI യ്ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്. സംഘത്തിന്റെ Bye-law റദ്ദാക്കാൻ പോലും RBI യ്ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ 20, 24, 36, 45 വകുപ്പുകളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതെല്ലാം സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്. (ii) കേന്ദ്ര സർക്കാർ ആദായ നികുതി നിയമത്തിൽ ഉൾപ്പെടുത്തിയ 194N ഭേദഗതി പ്രകാരം കോടിയിൽ

കൂടുതൽ വരുന്ന പിൻവലിക്കലിന് 2% TDS പിടിക്കേണ്ടതുണ്ട്. ആയത് ബാങ്കിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്. (iii) 97-ാം ഭരണഘടനാ ഭേദഗതിയിലൂടെ താഴെ പറയുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയത്. (a) ആർട്ടിക്കിൾ 19 ൽ സഹകരണ സംഘ രൂപീകരണം മൗലികാവകാശമായി പ്രഖ്യാപിച്ചു. (b) ആർട്ടിക്കിൾ 43 B ൽ സംസ്ഥാനങ്ങൾ സഹകരണ സംഘങ്ങളുടെ സ്വയം രൂപീകരണം, ജനാധിപത്യപരമായ ഇടപെടൽ, പ്രൊഫഷണൽ മാനേജ്മെന്റ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി എടുക്കണം. (c) 'IX-B-Cooperative Societies' എന്ന ഒരു അദ്ധ്യായം കൂട്ടിച്ചേർത്തു. IX-B യിലെ വ്യവസ്ഥകൾ മുഖ്യമായും താഴെ പറയുന്നവയാണ്. സഹകരണ സംഘം ഭരണസമിതി അംഗങ്ങളുടെ എണ്ണം പരമാവധി 21 ആയും പ്രത്യേകം സംവരണം ചെയ്തിട്ടുള്ള വനിതാ അംഗങ്ങളുടെ എണ്ണം 3 ൽ നിന്ന് 2 ആയും ഭരണസമിതിയുടെ കാലാവധി തെരഞ്ഞെടുപ്പ് തീയതി മുതൽ 5 വർഷമായും ഇടക്കാല ഒഴിവ് നോമിനേഷൻ വഴി നികത്തുന്നതിനും, ബാങ്കിംഗ്, മാനേജ്മെന്റ്, ഫിനാൻസ് അല്ലെങ്കിൽ സംഘത്തിന്റെ ഉദ്ദേശങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മേഖലയിൽ പരിചയമുള്ള 2 പേരെ കോ-ഓപ്റ്റ് ചെയ്യുന്നതിനും, സംഘം ഭരണസമിതിയുടെ സൂപ്പർ സെഷൻ 6 മാസത്തിലധികരിക്കരുതെന്നും, ബാങ്കിംഗ് ബിസിനസ്സ് ചെയ്യുന്ന സംഘങ്ങൾക്ക് ആയത് ഒരു വർഷത്തിലധിക്കരിക്കരുതെന്നും, സർക്കാർ സഹായം ലഭിച്ചിട്ടില്ലാത്ത സഹകരണ സംഘങ്ങളുടെ ഭരണസമിതികളെ സൂപ്പർ സീഡ് (പിരിച്ച് വിടാൻ) ചെയ്യാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സംഘത്തിന്റെ ആഡിറ്ററുടെയും ആഡിറ്റിംഗ് ഫേമുകളുടെയും യോഗ്യതയും പരിചയവും സംസ്ഥാന നിയമത്തിൽ ഉൾപ്പെടുത്തുന്നതിനും, ആഡിറ്ററെ രജിസ്ട്രാർ അംഗീകരിച്ച പാനലിൽ നിന്നും നിയമിക്കണമെന്നും, സാമ്പത്തിക വർഷം അവസാനിച്ച 6 മാസത്തിനകം, സംഘം ആഡിറ്റ് ചെയ്തിരിക്കണമെന്നും, അപ്പക്സ് സ്ഥാപനങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റ് സംസ്ഥാന നിയമസഭ മുമ്പാകെ സമർപ്പിക്കണമെന്നും, സാമ്പത്തിക വർഷം അവസാനിച്ച് കഴിഞ്ഞ് 6 മാസത്തിനകം പൊതുയോഗം കൂടുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ സഹകരണ സംഘങ്ങളുടെയും തെരഞ്ഞെടുപ്പ് ഒരു പ്രത്യേക അധികാര സ്ഥാപനം നടത്തണമെന്നും സംഘം മാനേജ്മെന്റ്/ പ്രവർത്തനം എന്നിവയിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന്

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംഘത്തിന്റെ രേഖകൾ, ബുക്കുകൾ എന്നിവ അധികാരപ്പെട്ട ആളിന് കൈമാറുന്നതിലെ വീഴ്ചയും, ഭരണസമിതി അംഗങ്ങളോ, ഓഫീസ് ചുമതലക്കാരോ തെരഞ്ഞെടുപ്പിന് മുമ്പോ തെരഞ്ഞെടുപ്പ് സമയത്തോ, ശേഷമോ അഴിമതി നടത്തുന്നത് കുറ്റങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. 97-ാം ഭരണഘടന ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയ IX-B-The Cooperative Societies എന്ന ഭേദഗതി സുപ്രീം കോടതി ഭാഗികമായി റദ്ദാക്കി എങ്കിലും, ടി ഭേദഗതിയിലെ വ്യവസ്ഥകൾ multi state co-operative societies ന് ബാധകമാകും എന്ന് കോടതി നിരീക്ഷിച്ചിട്ടുണ്ട്. തന്മൂലം ടി വ്യവസ്ഥകൾക്ക് വിധേയമായി കൂടുതൽ Multi State Cooperative society സംസ്ഥാനത്ത് വരുന്നതിന് സാഹചര്യമുണ്ടാകും. മാനദണ്ഡങ്ങൾ പാലിക്കാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നത് മൂലം സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ദുർബലപ്പെടുന്ന അവസ്ഥ ഉണ്ടാകാം. സുപ്രീംകോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ സഹകരണത്തെ പൊതുപട്ടികയിലേയ്ക്ക് മാറ്റാൻ കേന്ദ്ര സർക്കാർ നീക്കം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | സംസ്ഥാനത്തെ Multi State Co-operative Societies ന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിനായി സർക്കാർ ഇതിനകം ഇടപെടൽ നടത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ പുതിയ സഹകരണ വകുപ്പ് രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതാണ്. സഹകരണ പ്രസ്ഥാനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായി എല്ലാവിധ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ